**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5191** **06.02.2014-ൽ മറുപടിക്ക്.**

# വൈപ്പിൻ മണ്ഡലത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ജനസാന്ദ്രതയാലും നഗരാതിർത്തി പങ്കിടുന്നതിനാലും രൂക്ഷമായ വാഹന ബാഹുല്യം മൂലം ഗതാഗത ബുദ്ധിമുട്ട് അനുഭവിക്കുന്ന വൈപ്പിൻ മണ്ഡലത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) വൈപ്പിൻ മണ്ഡലം കേന്ദ്രമാക്കി ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല. |
| ബി) ട്രാഫിക് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ വിശദീകരിക്കാമോ; | ബി)<br>1. ഈ പ്രദേശത്തെ വീതി കുറഞ്ഞ പാലങ്ങൾ പുതുക്കിപ്പണിത് വീതി കൂട്ടിയിട്ടുള്ളതാണ്.<br>2. പൊതു ജനങ്ങൾക്കും ഡ്രൈവർമാർക്കും പ്രത്യേകം പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്.<br>3. ഹൈവേ ജാഗ്രതാ സമിതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.<br>4. ചെറായി ജംഗ്ഷനിലും പാലങ്ങളിലും സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>5. പെട്രോനെറ്റ് എൽ.എൻ.ജി. സഹായത്തോടെ ഗോശ്രീ ജംഗ്ഷൻ, വൈപ്പിൻ, ജെട്ടി എന്നിവിടങ്ങളിൽ സി.സി ടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.<br>6. നിരന്തര വാഹന പരിശോധനകൾ നടത്തിവരുന്നു. |
| സി) പ്രധാന ജംഗ്ഷനുകളിൽ ക്യാമറ സ്ഥാപിക്കുന്നതിനും സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) പെട്രോനെറ്റ് എൽ.എൻ.ജി. സഹായത്തോടെ ഗോശ്രീ ജംഗ്ഷൻ, വൈപ്പിൻ, ജെട്ടി തുടങ്ങിയ പ്രധാന ജംഗ്ഷനിൽ സി.സിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ചെറായി ജംഗ്ഷനിലും പാലങ്ങളിലും സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**